(ഡി) പ്രധാന വേദിക്ക് സമീപം സ്ത്രീകളോട് അപമര്യാദയായി പെരുമാറിയതിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ട അദ്ധ്യാപകന്റെമേൽ മദ്യപിച്ചതിന്റെ പേരിൽ ഒരു പെറ്റികേസ് ചാർജ്ജ് ചെയ്തുവോ;

(ഇ) സ്കൂൾ യുവജനോത്സവത്തിൽ പങ്കെടുക്കുന്ന ഉത്തരവാദപ്പെട്ട അദ്ധ്യാപകർ മദ്യപിച്ചിട്ടില്ല എന്നുറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) പോയിന്റ് അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയാണ് മുന്നിൽ വന്നത്. അതിനാൽ ഒന്നാം സ്ഥാനത്തിനുള്ള ട്രോഫി കണ്ണൂർ ജില്ലയ്ക്ക് നൽകുകയുണ്ടായി.

(ഡി) പ്രധാന വേദിക്ക് സമീപം സ്ത്രീകളോട് അപമര്യാദയായി ഏതെങ്കിലും അദ്ധ്യാപകൻ പെരുമാറുകയോ മദ്യപിച്ചതിന്റെ പേരിൽ പെറ്റികേസ് ചാർജ്ജ് ചെയ്യുകയോ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്രകാരമുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശനമായ നടപടി കൈക്കൊള്ളുന്നതാണ്.

ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ നടപടി

83 [2973] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണ്;

(സി) ടി തുക ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സർക്കാർ സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും ഉപയോഗിച്ച് ഈ സ്കൂളുകളുടെ നിലവാരം ഉദ്ദേശിച്ചതരത്തിൽ മെച്ചപ്പെടുത്താൻ കഴിഞ്ഞില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഉദ്ദേശ്യത്തിനായി ഒരു സമയബന്ധിത പദ്ധതി ആവിഷ്കരിക്കുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി ആന്റ് സി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താനായി കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ സ്കീമുകൾ ആവിഷ്കരിക്കുകയും 224.8 ലക്ഷം രൂപ ഇതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ലാബ്/ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സർക്കാർ സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ, സ്റ്റുഡന്റ്സ് സർവ്വീസ്-ഭാരത ദർശൻ പദ്ധതി, കരിയർ ഗൈഡൻസ് കൗൺസിലിംഗ് യൂണിറ്റുകൾ, കലാക്ഷേത്ര എന്നീ പദ്ധതികൾക്ക് വേണ്ടിയാണ് ചെലവഴിച്ചത്.

(ഡി) ഇല്ല.

(ഇ) 2005-2006-ലെ പദ്ധതി വിഹിതമായി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കായി 650 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നബാർഡിന്റെ ധനസഹായത്തിനായി 2216 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്.

മലയാളം മീഡിയം സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ

84 [2974] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് മലയാളം മീഡിയം സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്; ഇതിന്റെ ഉത്തരവോ, സർക്കുലറോ ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള മലയാളം മീഡിയം സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ തുടങ്ങുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇംഗ്ലീഷ് മീഡിയത്തിനാവശ്യമായ പുസ്തകങ്ങളും സിലബസും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് സിലബസ് പ്രകാരമാണ് പഠനം നടത്തുന്നത്;

(ഡി) ഇത്തരം ഇംഗ്ലീഷ് മീഡിയം ഡിവിഷനിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രത്യേകം ഫീസ് വല്ലതും ഈടാക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഇത്തരം ഇംഗ്ലീഷ് മീഡിയം ഡിവിഷൻ നടത്തുന്ന എത്ര സ്കൂളുകൾ ഉണ്ട് എന്നും അവ ഏതെല്ലാം എന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1 മുതൽ 4 വരെയുള്ള മലയാളം മീഡിയം സ്കൂളുകളിൽ സ.ഉ. (എം.എസ്) നം. 148/03/പൊ. വി. തീയതി 5-6-2003 അനുസരിച്ച് 2003 മുതലും 5 മുതൽ 10 വരെയുള്ള ക്ളാസുകളിൽ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് ഇംഗ്ലീഷ് മീഡിയം ഡിവിഷൻ നേരത്തെതന്നെ അനുവദിക്കാറുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly